കേരളാ സർക്കാർ

നം. 31019 /ആർ.എ.1/11/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം,
തീയതി, 22/06/2011.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കെട്ടിടങ്ങൾക്കു നമ്പർ നൽകുന്നതിനുള്ള കാലതാമസം - സംബന്ധിച്ച് -

സൂചന:- 1. ജി.ഒ. (എം.എസ്) നം. 249/09/ത.സ്വ.ഭ.വ. തീയതി, 16/12/2009.
2. ജി.ഒ. (എം.എസ്) നം. 128/10/ത.സ്വ.ഭ.വ. തീയതി, 21/06/2010.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതികൾ വരുന്നതിനു മുമ്പ് നിയമാനുസൃതമായി നിർമ്മാണ അനുമതി വാങ്ങി നിയമാനുസൃതം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെട്ടിട നമ്പർ നൽകുന്നില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓക്കുപെൻസി സർട്ടിഫിക്കേറ്റിനായി അപേക്ഷിക്കുമ്പോൾ നിലവിലുള്ള നിയമമാണ് ബാധകമെന്നും, പെർമിറ്റ് നൽകുമ്പോഴുള്ള ചട്ടങ്ങൾ അല്ല ബാധകമായിട്ടുള്ളത് എന്നും അപേക്ഷകരെ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതായും അറിയുന്നു. അവ പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടും, കെട്ടിട നമ്പർ ലഭിക്കുന്നതിന് കാലതാമസവും ഉണ്ടാക്കുന്നു.

കെട്ടിട നിർമ്മാണ ചട്ടത്തിൽ ഭേദഗതി വരുന്നതിനു മുമ്പ് അന്നത്തെ നിയമത്തിനനുസൃതമായി പെർമിറ്റ് വാങ്ങി നിർമ്മാണം നടത്തി നിയമാനുസൃതം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിയമപ്രകാരം കെട്ടിടനമ്പർ നൽകുന്നതിന് യാതൊരു തടസ്സവും ഇല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു മുമ്പ് പെർമിറ്റ് വാങ്ങി നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക്, ഭേദഗതി ചെയ്യപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ നിഷ്കർഷിക്കേണ്ടതില്ല.

നിയമാനുസൃതം പെർമിറ്റ് വാങ്ങിയ ശേഷം നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം പെർമിറ്റ് പുതുക്കി നൽകുന്ന സമയത്തും, പെർമിറ്റ് നൽകിയ തീയതിക്കു ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികളിലെ വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ല എന്നും അറിയിച്ചു കൊള്ളുന്നു.

എസ്.എം. വിജയാനന്ദ്.
അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
(ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ നഗരസഭാ/പഞ്ചായത്ത് സെക്രട്ടറിമാർക്കും കർശനമായി പാലിക്കുന്നതിന് ലഭ്യമാക്കേണ്ടതാണ്)

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

സീനിയർ ടൗൺ പ്ലാനർ, (വിജിലൻസ്) തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (കൊല്ലം. കൊച്ചി. കോഴിക്കോട്)

എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും,
(തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)

എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ജില്ലകളും)

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ, (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്).

പകർപ്പ്:

ബഹു. പഞ്ചായത്തും, സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. വ്യവസായവും വിവരസാങ്കേതികവും സഗരകാര്യവും വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ (ആർ.എ.2, ആർ.എ.3), (ആർ.ബി), (ആർ.ഡി). (ഇ.പി.എ).
(ഇ.പി.ബി), (ഇ.ഡബ്ല്യു), (ഇ.യു) വകുപ്പുകൾക്ക്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ